**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4254 — 24.10.2016 ൽ മറുപടിക്ക്

## എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർരോഗ ചികിത്സയ്ക്കാവശ്യമായ സംവിധാനങ്ങൾ

| ചോദ്യം<br><br>ശ്രീ.സി. ദിവാകരൻ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ക്യാൻസർ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്ത് എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർരോഗ ചികിത്സയ്ക്കാവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വ്യക്തമാക്കുമോ? | സംസ്ഥാനത്ത് ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായിട്ടാണ് റീജിയണൽ ക്യാൻസർ സെന്ററിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വർദ്ധിച്ചു വരുന്ന ഈ രോഗികളുടെ ബാഹുല്യത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ അർബുദ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തുന്നതിനായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോ തെറാപ്പി ഉൾപ്പടെയുള്ള ക്യാൻസർ ചികത്സാ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് ആരംഭിച്ച പദ്ധതിയാണ് ക്യാൻസർ കെയർ പദ്ധതി. ആരോഗ്യ വകുപ്പിലെ ക്യാൻസർ ചികിത്സാ വിദഗ്ദരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. ഈ സെന്ററുകളിലൂടെ നാളിതുവരെ 1500 ൽ അധികം ക്യാൻസർ കേസുകൾ കണ്ടെത്തുകയും 16000 ൽ അധികം കീമോ തെറാപ്പികൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ എല്ലാ ജില്ലാ ആശുപത്രികളിലും ദന്തൽ വിഭാഗത്തോടനുബന്ധിച്ച് വദനാർബുദ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. (Oral cancer detection clinics) ഗ്രാമപ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും എല്ലാ സാമ്പത്തിക വർഷവും നടത്തി വരാറുണ്ട്. എല്ലാ ജില്ലാ ആശുപത്രിയിലും പാലിയേറ്റീവ് കെയർ തെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആരോഗ്യവകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ